

കവർസ്റ്റോറി

●

ജമാൽ മലപ്പുറം

# കാലം ഇബ്റാഹീമിനെയും മുഹമ്മദിനെയും കാത്തിരിക്കുന്നു

**ഏതാണ്ട്** നാൽപത് നൂറ്റാണ്ട് മുമ്പ് ജീവിച്ചിരുന്ന ഒരു മനുഷ്യനെ ഈ അത്യന്താധുനിക യുഗത്തിലും ആഗോളജനസംഖ്യയുടെ പകുതിയിലേറെ പേരും തങ്ങളുടെ പിതാവെന്നവകാശപ്പെടുകയും സ്നേഹാദരവുകളോടെ അനുസ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ ആ മനുഷ്യന്റെ മഹത്വം എത്രയായിരിക്കണം! അതാണ് ഹസ്രത്ത് ഇബ്റാഹീം നബി(അ). ജൂതന്മാരും ക്രിസ്ത്യാനികളും മുസ്‌ലിംകളും ഒരു പോലെ അദ്ദേഹം തങ്ങളുടെ പിതാവാണെന്നവകാശപ്പെടുന്നതിന്റെ അർഥം അതാണല്ലോ. മുസ്‌ലിംകളെ സംബന്ധിച്ചേട

**ഓർമകൾ അനശ്വരമാക്കാനായിരിക്കണം ഇബ്‌റാഹീം നബി മക്കയിൽ പണിതുയർത്തിയ ഭവനത്തെ ഏകദൈവത്വത്തിന്റെ ആഗോള കേന്ദ്രവും ദൈവഭവനവുമായി അല്ലാഹു തെരഞ്ഞെടുത്തത്. അദ്ദേഹം പരീക്ഷണവിധേയമായ സ്ഥലങ്ങളെയാണ് ഹജ്ജ് കർമങ്ങളുടെ വേദിയായി നിശ്ചയിച്ചിരിക്കുന്നത്.**

ത്തോളം വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ അർഥശങ്കക്കിടമില്ലാത്ത വിധം തീർത്തു പറഞ്ഞിരിക്കുന്നു: "നാം നിന്നെ സകല ജനത്തിനും നായകനായി നിശ്ചയിക്കുകയാകുന്നു" (2:124).

എന്നാൽ ഹസ്രത്ത് ഇബ്‌റാഹീമിന്റെ അനേക വലുപ്പങ്ങളിൽ ഒന്നു മാത്രമാണ് ഈ ലോകനായക പദവി. ആ മഹനീയ വ്യക്തിത്വത്തിന്റെ വേറെയും വശങ്ങളിലേക്കും വിശേഷങ്ങളിലേക്കും വിശുദ്ധ ഖുർആൻ വെളിച്ചം വീശുന്നുണ്ട്. 25 അധ്യായങ്ങളിലെ 63 സൂക്തങ്ങളിലായി 69 തവണ ഇബ്‌റാഹീം എന്ന പേരു തന്നെ വന്നിരിക്കുന്നു. 14-ാം അധ്യായത്തിന്റെ പേരു തന്നെ ഇബ്‌റാഹീം എന്നാണ്. വിശുദ്ധ ഖുർആനിലെ ഇബ്‌റാഹീം പരാമർശങ്ങൾ പരിശോധിച്ചാൽ കാണാവുന്ന കാര്യങ്ങളിൽ ഒന്ന്, അദ്ദേഹത്തെ ഓർക്കാൻ വേണ്ടിയുള്ള ആവർത്തിച്ചു വരുന്ന ആഹ്വാനമാണ്. അല്ലാഹു അവന്റെ അന്തിമ വേദഗ്രന്ഥത്തിലൂടെ 35 തവണ പ്രശംസിച്ചിട്ടുള്ള ഒരു മഹാനെ കുറിച്ച ഓർമകൾ അവസാനിക്കരുതല്ലോ.

ഓർമകൾ അനശ്വരമാക്കാനായിരിക്കണം അദ്ദേഹം മക്കയിൽ പണിതുയർത്തിയ ഭവനത്തെ ഏകദൈവത്വത്തിന്റെ ആഗോള കേന്ദ്രവും ദൈവഭവനവുമായി അല്ലാഹു തെരഞ്ഞെടുത്തത്. അദ്ദേഹം പരീക്ഷണവിധേയമായ സ്ഥലങ്ങളെയാണ് ഹജ്ജ് കർമങ്ങളുടെ വേദിയായി നിശ്ചയിച്ചിരിക്കുന്നത്. ലോകാവസാനം വരേക്കുമുള്ള മനുഷ്യരാശിക്ക് മാത്രമല്ല, ദൈവദൂതന്മാർക്കു കൂടി ഉത്തമമാതൃകയായ അബുൽ അമ്പിയാഅ് ആണദ്ദേഹം. മുഹമ്മദ് നബി(സ) കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠനായ പ്രവാചകൻ. അദ്ദേഹം സൃഷ്ടി ശ്രേഷ്ഠൻ (അശ്റഫുൽ ഖൽഖ്) ആയിരുന്നിട്ടുകൂടി ഇബ്‌റാഹീമിന്റെ കർമ മാർഗത്തെ പിന്തുടരാൻ നിർദേശിക്കപ്പെട്ടിരിക്കുന്നു. (16:173) അവർ രണ്ട് പേരുടേതുമായ ഒരു കൂട്ടു നേതൃത്വവും കൂട്ടു മാതൃകയുമാണ് (33:21, 60:4) വിശുദ്ധ ഖുർആനിൽ പ്രാമാണികമായി കാണാൻ കഴിയുക. തന്റെ ആത്മമിത്രം (ഖലീൽ) എന്ന പട്ടവും പദവിയും നൽകി അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളത് അവർ രണ്ട് പേരെ മാത്രമാണല്ലോ.

എന്താവും ഇബ്‌റാഹീം നബി (അ)യുടെ വിജയരഹസ്യം, അന്യാദൃശമായ വ്യക്തിത്വ വിശേഷങ്ങൾ? ഖുർആന്റെ അടിസ്ഥാനത്തിലും ആഴത്തിലുമുള്ള പഠനങ്ങൾ ഇനിയും നടക്കേണ്ടതാണ്. ദൈവികാജ്ഞകൾ നിവർത്തിക്കുന്നതിലും പരീക്ഷണങ്ങളെ പുൽകുന്നതിനുമുള്ള അദ്ദേഹത്തിന്റെ പരിപൂർണത (ഇത്മാം) ആരെയും അമ്പരപ്പിക്കുന്ന വിധമാണ്. ശത്രുക്കൾ പ്രത്യേകമായി തയാറാക്കിയ അഗ്നി കുണ്ഠത്തിലേക്ക് (നരകം എന്നാണ് അവർ തന്നെ അതിനെ വിളിച്ചത്) എടുത്തെറിയാൻ വേണ്ടി ബന്ധിക്കുമ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട ജിബ്‌രീൽ(അ) അദ്ദേഹത്തോട് ചോദിക്കുന്നുണ്ട് "താങ്കൾക്ക് വല്ല ആവശ്യവുമുണ്ടോ?" "ഉണ്ട്, അതുപക്ഷേ നിന്നോട് ചോദിക്കുന്നില്ല. എന്റെ ഈ അവസ്ഥയെ കുറിച്ച അവന്റെ അറിവ് മതി എനിക്ക്, ഞാൻ ചോദിച്ചിട്ടു വേണ്ട." എന്നായിരുന്നു മറുപടി. അതെ, അദ്ദേഹത്തെ പോലെ പരീക്ഷണവിധേയനായ മറ്റൊരാൾ ചരിത്രത്തിൽ ഉണ്ടാവില്ല തന്നെ. വാർധക്യത്തിലെ

താങ്ങും നാളെയുടെ പ്രതീക്ഷയുമായിരുന്ന അരുമമകനെ ബലിയറുക്കാൻ ദൈവിക മായി കൽപ്പിക്കപ്പെട്ടപ്പോൾ അതിനുമദ്ദേഹം കൂസലന്യേ തയാറായി. അവസാന നിമി ഷം അല്ലാഹു തന്നെ അദ്ദേഹത്തെ വിളിച്ച് അതിൽ നിന്ന് പിന്തിരിപ്പിക്കുകയാണല്ലോ ഉണ്ടായത്. ആ ബലിദാനത്തിന്റെ പരീക്ഷണ ഭൂമികയിൽ നടക്കുന്ന ഹജ്ജ് കർമത്തി ന്റെ പശ്ചാതലത്തിൽ ഇബ്റാഹീമീ മില്ലത്തിനെയും ഹജ്ജിന്റെ ബാക്കിപത്രത്തെ യും കുറിച്ച് ചില ആലോചനകൾ മാത്രമേ ഇവിടെ ഇപ്പോൾ കുറിക്കുന്നുള്ളൂ.

* * *

ഹജ്ജിന്റെ വിവിധ ഭൂമികകൾ, കർമങ്ങളിലെ പ്രതീകാത്മകതകൾ, സാങ്കേ തിക പദങ്ങളുടെ നേർക്കു നേരേയുള്ള അർഥ സൂചനകൾ, സർവോപരി പരിശുദ്ധ ഖുർആനിലെ പരാമർശങ്ങൾ എല്ലാം വളരെ വ്യക്തമായി വരച്ചു തരുന്ന ഒരു ചിത്ര മുണ്ട്. അതു മറ്റൊന്നുമല്ല മരണം, ഉയിർത്തെഴുന്നേൽപ്, വിചാരണ, പാപമോചനം, സ്വർഗപ്രവേശം എന്നീ ക്രമത്തിലുള്ള പരലോക ജീവിതത്തിന്റേതു തന്നെ. അതി നാൽ ഹജ്ജ് ഉള്ളുരുകി നിർവഹിച്ചവരുടെ ഹൃദയത്തിൽ അവശേഷിക്കുന്ന വികാരം ഒരു രണ്ടാം ജന്മത്തിന്റേതാണ്.

മനസാവാചാകർമണായുള്ള സകല ചലനങ്ങളും നിരീക്ഷിക്കപ്പെടുക മാത്രമ ല്ല പകർപ്പെടുത്തുവെക്കുക കൂടി ചെയ്യുന്നുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ വിചാരണക്ക് വിധേയമായി രക്ഷാശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വരുമെന്നുമുള്ള തീവ്രവും നിതാന്തജാഗ്രത്തുമായ ബോധവും ആ ബോധത്താൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ജീവിതാവസ്ഥയും ചേർന്നതിനാണ് ഭക്തിയെന്നും ദൈവഭയമെന്നും വിശുദ്ധ ഖുർആൻ പറയുന്നത്. ഒറ്റ വാക്കിൽ തഖ്‌വ എന്നു പറയും. അതു മനുഷ്യസാധ്യമായ അളവിന്റെ പരമാവധി ആർജിക്കുകയും ഊർജിതമാ ക്കുകയും ചെയ്യുകയാണ് ഇസ്‌ലാമിൽ ആരാധനാനുഷ്ഠാനങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം. ഹജ്ജിന്റെ കാര്യത്തിൽ ഇത് സവിശേഷാൽ ബാധകമാണു താനും. അതി നാൽ അതിൽ എത്ര വിജയിച്ചു എന്ന ഒരു സ്വയം വിലയിരുത്തലാണ് അറഫയിൽ അല്ലാഹുവിനെ കണ്ട് മടങ്ങുന്നവരുടെ പ്രഥമ ചുമതല. തുടർ ജീവിതത്തിൽ അത് നിലനിർത്താൻ അവർ ബാധ്യസ്ഥരുമാണ്.

വിശുദ്ധ ഖുർആനിൽ 114 സൂറകളുള്ളതിൽ 22-ാമത്തേതായ *അൽഹജ്ജ്* ആരം ഭിക്കുന്നത് 'ജനങ്ങളേ നിങ്ങൾ തഖ്‌വയുള്ളവരാകുവിൻ' എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ്. മനുഷ്യരുൾപ്പെടെയുള്ള ഗർഭിണികളായ ജന്തുക്കൾ ഭയവിഹ്വ ലരായി പ്രസവിക്കുകയും മനുഷ്യർ മത്തുപിടിച്ചവരെ പോലെ പെരുമാറുകയും ചെയ്യു മാറ് ഭീകരമായ ഒരു ദിനത്തെ കുറിച്ച് അടുത്ത സൂക്തത്തിൽ മുന്നറിയിപ്പു നൽകു ന്നു. *ഹജ്ജ്* എന്ന പേരിലുള്ള ഈ സൂറയുടെ സമാരംഭം എത്ര മാത്രം സമുചിത മല്ല! എന്നാൽ '*ഇത്തഖൂ*' (നിങ്ങൾ തഖ്‌വയുള്ളവരാകുവിൻ) എന്ന് ആഹ്വാനം ചെ യ്ത് ആരംഭിച്ച അധ്യായം സമാപിക്കുമ്പോൾ *ജാഹിദൂ* (നിങ്ങൾ ജിഹാദ് ചെയ്യു വിൻ) എന്നാണ് ആഹ്വാനം ചെയ്തിരിക്കുന്നത് എന്ന കാര്യം ഹജ്ജ് നിർവഹിച്ചവർ അറിഞ്ഞിരിക്കേണ്ടതാണ്. ഇത് ഹജ്ജിനെ ജിഹാദിന്റെ തലത്തിലേക്ക് ഉയർത്തി ഉദാ ത്തീകരിക്കുന്നു. സാമുദായിക മുസ്‌ലിം തന്റെ പാരമ്പര്യ വസ്ത്രങ്ങൾ മീഖാത്തിൽ ഉരിഞ്ഞെറിഞ്ഞ് മുന്നോട്ട് കുതിച്ച് ഇബ്റാഹീമിന്റെ മക്കയും മഖാമും മിനായും താണ്ടി അല്ലാഹുവിന്റെ അറഫയിൽ ചെന്ന് അവനെ കണ്ട് തിരിച്ചുവരുന്നത് ഹാജിയാർ ആയിട്ടല്ല, മുജാഹിദായിട്ടായിരിക്കണം. മനുഷ്യരാശിയുടെ മോചനത്തിനു വേണ്ടി യുള്ള ഇസ്‌ലാമികമായ പോരാട്ടങ്ങളിൽ പടയണി ചേരാനായിട്ടായിരിക്കണം.

ആരാധനകൾ ആരാധനകൾക്കു വേണ്ടിയുള്ളതല്ലെന്ന് സൂചിപ്പിച്ചുവല്ലോ. അല്ലാഹുവിനു വേണ്ടി നമസ്കരിക്കുമ്പോൾ മനുഷ്യർക്കുവേണ്ടി ബലിയറുക്കുന്നതിന്റെ (108:2) പേരാണ് ഇസ്‌ലാം. അല്ലാഹുവിനുള്ള പരമമായ സമർപ്പണവും, ഹിജ്റയും ജിഹാദും ഇബ്റാഹീം നബിയെ എവിടെ എത്തിച്ചു എന്നു നോക്കു. അദ്ദേഹം അല്ലാഹുവിന്റെ ആത്മ മിത്രമായി -ഖലീലുല്ലാഹ്. അതേ സമയം അദ്ദേഹം മാനവരാശിയുടെ മാതൃകാ നേതാവുമായി അവരോധിക്കപ്പെടുകയും ചെയ്തു. ഇബ്റാഹീമി മില്ലത്തിന്റെ ഒരറ്റം അല്ലാഹുവും മറ്റേ അറ്റം മനുഷ്യരുമാണെന്ന് അടിവരയിട്ട് മനസ്സിലാക്കാതെ വയ്യ. വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന ആദർശത്തിന്റെ ആചരണത്തിനും പ്രചാരണത്തിനും പ്രയോഗവത്കരണത്തിനുമുള്ള അധ്വാന പരിശ്രമങ്ങൾ അഥവാ ജിഹാദ് ആണ് തന്റെ സമുദായത്തിന്റെ സന്ന്യാസം എന്ന് പറഞ്ഞിട്ടുള്ളത് മറ്റൊരു ഖലീലുല്ലാഹ് ആയ മുഹമ്മദ്(സ) ആകുന്നു.

സൂറ *അൽഹജ്ജി*ലെ ആദ്യാവസാനങ്ങളിലെ പൊരുത്തവും പൂർണതയും മാത്രമല്ല, അതിലെ ഹജ്ജിനെ കുറിച്ച പരാമർശങ്ങളുടെ സന്ദർഭവും ശൈലിയും കൂടി ശ്രദ്ധേയമാണ്. ജിഹാദുമായി ചേർത്താണ് അതു വന്നിട്ടുള്ളത്. സൂറ *അൽബഖറ*യിലെ ഹജ്ജ് പരാമർശങ്ങൾക്കും കാണാം ഈ പ്രത്യേകത. അതായത് ജിഹാദുമായി ചേർത്തുള്ള പരാമർശം. ഹജ്ജിന്റെ ബാക്കിപത്രം ഇബ്റാഹീമീ മില്ലത്തിന്റെ പുനരുദ്ധാരണത്തിനും സംസ്ഥാപനത്തിനും വേണ്ടിയുള്ള ജിഹാദല്ലാതെ മറ്റൊന്നുമല്ല എന്നർഥം.

വേറൊരു തലത്തിലും ഇതിനെ കാണേണ്ടതുണ്ട്. ഹജ്ജിന്റെ ഊടും പാവുമായി വർത്തിക്കുന്ന രണ്ട് മഹാവ്യക്തിത്വങ്ങളിൽ മറ്റൊരാളായ മുഹമ്മദ് മുസ്ത്വഫ(സ)യുടെ ജീവിത പശ്ചാത്തലത്തിൽ ഹജ്ജിനെ വിലയിരുത്തിയാലും ഇതു തന്നെ കാണാം. ലാഇലാഹ ഇല്ലല്ലായുടെ പ്രചാരണത്തിനും പ്രബോധനത്തിനും പ്രയോഗവത്കരണത്തിനുമായി ഓരോ വർഷത്തെ ഹജ്ജ് വേളയിലും അറേബ്യയുടെ നാനാ ഭാഗത്തു നിന്നുമായി വന്നെത്തിയ തീർഥാടകരുടെ കൂടാരങ്ങളിൽ അദ്ദേഹം കയറി ഇറങ്ങിയിരുന്നത് സുവിദിതമാണല്ലോ. തൗഹീദിന്റെ കേന്ദ്രവും അതിലേക്കുള്ള ദഅ്വത്തിന്റെ ആസ്ഥാനവുമായി ഇബ്റാഹീം നബി പണിതുയർത്തിയ കഅബാലയവും അതിലേക്കുള്ള തീർഥാടനവും ഇസ്‌ലാമിന്റെ പ്രബോധനത്തിന് നൽകുന്ന അപാര സാധ്യതകളെ അദ്ദേഹം പരമാവധി ഉപയോഗിക്കുകയുണ്ടായി. ഹജ്ജുകളിൽ നടത്തിവന്ന ദഅ്വത്തിലൂടെയാണല്ലോ മദീനയെ കണ്ടെത്തിയതും അവിടേക്ക് തന്റെ പ്രസ്ഥാനത്തെ കുടിയിരുത്തിയതും. അദ്ദേഹം അതുകൊണ്ടും അവസാനിപ്പിച്ചില്ല. തന്റെ കാലമായപ്പോഴേക്ക് ബഹുദൈവ വിശ്വാസത്തിന്റെയും അന്ധവിശ്വാസങ്ങളുടെയും കേന്ദ്രമായി മാറ്റപ്പെട്ട കഅ്ബയുടെ വിമോചനത്തിനും വീണ്ടെടുപ്പിനും വേണ്ടിയുള്ള ജീവൻമരണ സമരമായി, ജിഹാദായി അദ്ദേഹത്തിന്റെ ചിന്ത. അതിനാൽ താനും കുടുംബവും കൂട്ടുകാരും കൊടിയ പീഡനങ്ങൾ ഏറ്റുവാങ്ങി. ബദ്റും ഉഹുദും ഖന്ദക്കും ഹുദൈബിയയുമെല്ലാം തരണം ചെയ്യേണ്ടിവന്നു. ഹിജ്റ എട്ടാം വർഷം റമദാൻ ഇരുപതിന് കഅ്ബയെ അദ്ദേഹം മോചിപ്പിക്കുമ്പോൾ രണ്ട് ദശകത്തിലേറെ നീണ്ട ഒരു ജീവൻമരണ ജിഹാദിന്റെ സമാപനമായിരുന്നു അതെന്ന കാര്യം അല്ലാഹുവിന്റെ അതിഥികൾ ആയ ഇബ്റാഹീമീ മില്ലത്തുകാർ, അന്ത്യപ്രവാചകന്റെ പിന്നിൽ അണിനിരന്നവർ വിസ്മരിച്ചുകൂടാത്തതാണ്. ഇസ്‌ലാം വിശ്വസിക്കുകയും ആചരിക്കുകയും പ്രചരിപ്പിക്കുകയും പ്രയോഗവത്കരിക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ളതായിരുന്നു പ്രബോധനവും (ദഅ്വത്ത്) ജീവൻമരണ സമരവും (ജിഹാദ്). ഇതു രണ്ടിനേയും വിസ്മരിക്കുകയോ മാറ്റിനിർത്തുകയോ ചെയ്തുകൊണ്ട് ഇബ്റാഹീം നബി,

മുഹമ്മദ് നബി എന്നിവരെ സ്നേഹിക്കാനോ അവരോട് നീതി പുലർത്താനോ കഴിയുമെന്ന് കുരുതേണ്ടതില്ല. അഥവാ അവ രണ്ടിന്റെയും അഭാവത്തിൽ ഹജ്ജ് ആരുടെ ജീവിതത്തിലും ഒരു ചലനവുമുണ്ടാക്കാത്ത നിർജീവമായ ഒരു ആരാധനാ ചടങ്ങായേ അവശേഷിക്കുകയുള്ളൂ. നംറൂദുമാരോ അഗ്നികുണ്ഠങ്ങളോ ഇല്ലാത്തതുകൊണ്ടല്ലല്ലോ നാമാരും പരീക്ഷിക്കപ്പെടാത്തത്.

അവരവരുടെ കാലഘട്ടങ്ങളിൽ നിലനിന്ന ദൈവേതരവും ദൈവവിരുദ്ധവുമായ വ്യവസ്ഥിതികളെ ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയും അവയെ തുടച്ചുമാറ്റി പുതിയ സാമൂഹിക ക്രമങ്ങളുടെ നിർമിതിക്ക് വേണ്ടി പ്രബോധനവും സമരവും നിർവഹിക്കുകയും അതുവഴി അല്ലാഹുവിന്റെ ആത്മമിത്രങ്ങളും ലോകനായകരുമായി മാറുകയും ചെയ്ത മഹാ പുരുഷൻമാരായിരുന്നല്ലോ ഇബ്റാഹീം നബിയും മുഹമ്മദ് നബിയും.

ഇബ്റാഹീമിനു മുമ്പ് നൂഹും മുഹമ്മദിനു മുമ്പ് ഈസയും മൂസയുമെല്ലാം ജീവിത സായൂജ്യംകൊണ്ടതും ലാഇലാഹ ഇല്ലല്ലാഹു എന്നതിന്റെ സാക്ഷാത്കാരത്തിനായുള്ള പോരാട്ടങ്ങളിലായിരുന്നു. ഒന്നേകാൽ ലക്ഷം പ്രവാചകന്മാർ വന്നുപോയിട്ടുണ്ട്. അവരിൽ ഇരുപത്തഞ്ച് പേരെ വിശുദ്ധ ഖുർആൻ  പേരെടുത്ത് പരിചയപ്പെടുത്തിയത്, ലാഇലാഹ ഇല്ലല്ലാഹ് പതുക്കെയും ഉറക്കെയും ഉരുവിട്ട് കേവലം ആത്മീയക്കാരായി ജനജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറിനിൽക്കുകയും അതൊക്കെയും കൈയടക്കിയ നംറൂദും ഫിർഔനും മുതൽ അബൂജഹ്ൽ വരെയുള്ളവരോട് രാജിയാവുകയും ചെയ്തവരായിട്ടല്ല. പ്രത്യുത, ലാഇലാഹ ഇല്ലല്ലാഹു എന്നതിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിക സാമൂഹിക ക്രമം കെട്ടിപ്പടുക്കാൻ വേണ്ടി അഹോരാത്രം പടപൊരുതിയവരായിട്ടാണ്. സമൂഹത്തിന്റെ മൂല്യച്യുതികളെ അവർ നേരിടുകയും നേരെയാക്കുന്നതിന് യത്നിക്കുകയും ചെയ്തവരായിട്ടാണ്.

മതപുരോഹിതന്മാർ വരെ സ്വവർഗവിവാഹം ചെയ്യുന്ന, സാമ്പത്തിക രംഗത്ത് തികഞ്ഞ മൂല്യനിരാസവും കഴുത്തറുപ്പൻ മത്സരവും കൊടികുത്തിവാഴുന്ന, വലിയ ശാസ്ത്രജ്ഞന്മാർ വരെ ആൾദൈവങ്ങളുടെ കാൽക്കൽ അടിയറവ് പറയുന്ന, ശിർക്കും കുഫ്റും ജാഹിലിയ്യത്തും താഗൂത്തും രംഗം പൂർണമായി കൈയടക്കി വെച്ച ഇക്കാലത്ത് ലൂത്തും ശുഐബും ഉൾപ്പെടെയുള്ള ഇരുപത്തഞ്ച് പ്രവാചകന്മാരും കൂടി ഒന്നിച്ചു വന്നാൽ പോലും തീരാത്തത്രയും പണി ഇവിടെ ബാക്കി നിൽക്കെ, നമസ്കാരം-സകാത്ത്-നോമ്പ്-ഹജ്ജ് എന്നിവക്കൊക്കെ സമുദായം പൊതുവെ കൽപിച്ചിരിക്കുന്ന സാധുവായ അർഥതലങ്ങൾ അനുഷ്ഠിച്ച് അരികു പറ്റി കഴിയാൻ സാധിക്കുകയില്ല. അതിന് പ്രമാണങ്ങളുടെയോ ചരിത്രസാക്ഷ്യങ്ങളുടെയോ സമകാലീന ജീവിത യാഥാർഥ്യങ്ങളുടെയോ പിന്തുണയുമില്ല. അത്തരക്കാർ ഒരു തീകുണ്ഠത്തിലേക്കും വലിച്ചെറിയപ്പെടുകയില്ല. അവർ ഒരു ബലിയും ചെയ്യേണ്ടി വരികയില്ല. ബദറുകൾ അവരെ കാത്തിരിക്കുകയുമില്ല.

ഹാജിമാർ മക്കയിൽനിന്ന് മടങ്ങിപ്പോകുന്നത് അവരവരുടെ മാളങ്ങളിൽ അടങ്ങിയൊതുങ്ങി കഴിയാനാവരുത്. സ്വന്തം ജീവിതത്തിലും ചുറ്റുപാടുകളിലും ഇബ്റാഹീമീ മില്ലത്തിനെയും മുഹമ്മദീയ സുന്നത്തിനെയും സാക്ഷാത്കരിക്കുന്നതിനായി പരിശ്രമിക്കുക. ഈ കാലഘട്ടം അതിന്റെ ഇബ്റാഹീമിനെയും മുഹമ്മദിനെയും കാത്തിരിക്കുകയാണെന്ന കാര്യം മറക്കാതിരിക്കുക. ■